# ഇന്ന് ഓണമാണ്



പൂവണി മരച്ചോട്ടിൽ
ചന്ദ്രിക ചിത്രാലേഖ–
ചാതുരി കാട്ടുന്നൊരീ–
യോണരാവുകൾ തോറും

തുമ്പിതുള്ളിയും പാട്ടു–
പാടിയുമെൻനാട്ടിലെ
പെൺകൊടിമാരൊക്കെയും
തളരുന്നുണ്ടാവണം.

ഏഴു നെയ്ത്തിരികൾ നി–
ന്നെരിയും വിളക്കിന്റെ
ദീപനാളത്തിൻ മുന്നി–
ലമ്മയിസ്സന്ധ്യാനേരം

ഓർക്കുകയാവാമെന്നെ–
ദൂരെയെങ്ങേതൊ നാട്ടിൽ
ഏകനായ് ക്കഴിയുന്ന
മകനെപ്പറ്റിപ്പക്ഷേ.

ഉണ്ണുവാനിലയിട്ട
നേരമിന്നാക്കൺകളിൽ
തങ്ങിനിന്നുവോ രണ്ടു
കണ്ണുനീർക്കണികകൾ?

അലയാഴികൾക്കുമി–
മിങ്ങിപ്പുറമീ വാടക
മുറിയിൽ ച്ചിതറിയ
പുസ്തകക്കൂട്ടങ്ങളും



താരകങ്ങളെയാഞ്ഞു
മുത്തുവാൻ വെമ്പും മുഗ്ധ–
മോഹനപ്രതീക്ഷകൾ
നിറയും കരളുമായ്

ഇവിടെ, ജ്ജനാല ത–
ന്നരികത്തിരമ്പുന്ന
നഗരം നോക്കിക്കൊണ്ടു
മൂകനായിരിപ്പൂ ഞാൻ. ■

1955